**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 140** **31-08-2022 - ൽ മറുപടിയ്ക്ക്**

**കോമൺവെൽത്ത് ഗെയിംസിൽ സംസ്ഥാനത്തിന് നേട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2022-ലെ കോമൺവെൽത്ത് ഗെയിംസിൽ സംസ്ഥാനം നേടിയ അഭിമാനകരമായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കോമൺ വെൽത്ത് ഗെയിംസ്-2022ൽ പുരുഷ വിഭാഗം ട്രിപ്പിൾ ജംപിൽ സ്വർണ്ണവും വെള്ളിയും കരസ്ഥമാക്കി യഥാക്രമം എൽദോസ് പോൾ, അബ്ദുള്ള അബൂബക്കർ എന്നിവരും, ലോങ്ജംപിൽ വെള്ളി നേടി എം.ശ്രീശങ്കറും അത്‌ലറ്റിക്സിലെ വ്യക്തിഗത ഇനങ്ങളിൽ കായിക കേരളത്തിന് അഭിമാനനേട്ടം സമ്മാനിച്ചു. ബാഡ്മിന്റണിൽ വെള്ളി, വെങ്കലം മെഡലുകൾ നേടിയ ട്രീസ ജോളി, ഹോക്കിയിൽ വെള്ളി മെഡൽ നേടിയ പി.ആർ ശ്രീജേഷ് എന്നിവരും കോമൺവെൽത്ത് ഗെയിംസിൽ കേരളത്തിന്റെ സാന്നിധ്യം അറിയിച്ചു. കോമൺവെൽത്ത് ഗെയിംസിൽ കേരളത്തിന്റെ യശസ്സുയർത്തിയ കായികതാരങ്ങൾക്ക് പാരിതോഷികം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ കായിക രംഗത്ത് പശ്ചാത്തല വികസനമൊരുക്കുന്നതിനായി സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; ഇക്കാലയളവിൽ പശ്ചാത്തല വികസനത്തിനായി കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ കായിക രംഗത്ത് പശ്ചാത്തല വികസനമൊരുക്കുന്നതിനായി സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങളും പശ്ചാത്തല വികസനത്തിനായി കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; സ്പോർട്സ് ക്വാട്ട നിയമനത്തിൽ അഭിമാനകരമായ നേട്ടം സംസ്ഥാനത്തുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | കായിക ക്ഷമതയുള്ള കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി മികച്ച അടിസ്ഥാന സൗകര്യങ്ങളും വിദഗ്ദ പരിശീലനവും ലഭ്യമാക്കി അന്താരാഷ്ട്ര നിലവാരമുള്ള കായിക താരങ്ങളായി വളർത്തിയെടുക്കുന്നതിന് വിവിധ കായിക ഇനങ്ങളിൽ ഗ്രാസ്റൂട്ട് പരിശീലന പദ്ധതികൾആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഫുട്ബോൾ ഗ്രാസ്റൂട്ട് പരിശീലനപദ്ധതിയായ |

ഗോൾ, ബാസ്കറ്റ് ബോൾ ഗ്രാസ്റൂട്ട് പരിശീലന പദ്ധതിയായ ഹൂപ്സ് , അത്‌ലറ്റിക്സ് ഗ്രാസ് റൂട്ട് പരിശീലന പദ്ധതിയായ സ്പ്രിന്റ്, ജൂഡോ ഗ്രാസ്റൂട്ട് പരിശീലന പദ്ധതിയായ ജൂഡോക്ക, ബോക്സിംഗ് ഗ്രാസ് റൂട്ട് പരിശീലനപദ്ധതിയായ പഞ്ച് എന്നിവയാണ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ. പ്രൈമറിതലത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹെൽത്തി കിഡ്സ് എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-IIആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കൂടാതെ കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിനും, പ്രോത്സാഹനം നൽകുന്നതിനുമായും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധം-III ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്.

35ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഒരു കായികതാരത്തിന് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തതിനാൽ ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **മാനസിക പക്വത കൈവരിക്കാത്ത ശ്രീ.ഷൈബൻ.ഇ.ബിയ്ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ അക്വാട്ടിക്സ് വിഭാഗത്തിൽ മികച്ച പ്രകടനം കാഴ്ച വച്ച് രാജ്യത്തിന് വേണ്ടി മെഡൽ നേടിയ മികവ് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.**<br><br>**72–ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.**<br><br>**മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് 195 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ശേഷിച്ച 24 ഒഴിവുകളിലേയ്ക്ക് പ്രസ്തുത സെലക്ട് ലിസ്റ്റിൽ നിന്നും 24 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്.** |
| (ഡി) | കായിക രംഗത്ത് അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച് വരുന്ന വിവേചനപരമായ സമീപനത്തിൽ മാറ്റം വരുത്തുന്നതിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (ഡി) | **കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം കൂടുതൽ പദ്ധതികൾ സംസ്ഥാനത്തിന്അനുവദിച്ച നൽകുന്നതിനായി കേന്ദ്ര സർക്കാരിന് കത്ത് സമർപ്പിച്ചിട്ടുണ്ട്. ഖേലോ ഇന്ത്യ പദ്ധതിയിൽ സംസ്ഥാനത്തിന് കൂടുതൽ പദ്ധതികൾ ലഭ്യമാക്കുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

സംസ്ഥാനത്തെ കായിക മേഖലയിൽ മികച്ച പശ്ചാത്തല വികസനമൊരുക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആധുനിക പരിശീലന സൗകര്യങ്ങൾ ഒരുക്കി ഉന്നത നിലവാരമുള്ള കായിക താരങ്ങളെ വാർത്തെടുക്കുന്നതോടൊപ്പം ബഹുജനങ്ങളുടെ ആരോഗ്യ സംരക്ഷണവും വിനോദവും ഇതിലൂടെ ലക്ഷ്യമിടുന്നു. ഗ്രാമീണ മേഖലയിൽക്കൂടി കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും കളിക്കളത്തിൽ എത്തിക്കുന്നതിനാണ് പ്രഥമ പരിഗണന നല്കുന്നത്.

കായിക യുവജന കാര്യാലയത്തിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ / പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണം, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം / നിർമ്മാണം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/ നവീകരണം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

ബഹു. എം.എൽ.എ മാരുടെ ആസ്ഥി വികസന ഫണ്ടുപയോഗിച്ച് വിവിധ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തികളും, സ്പോർട്സ് സ്കൂളുകൾക്കാവശ്യമായ കായിക ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ, സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ വിവിധ വകുപ്പുകളുടെ (വനം- വന്യജീവി വകുപ്പ്, വിദ്യാഭ്യാസവകുപ്പ്) ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവൃത്തികളും, വട്ടിയൂർക്കാവ് ഷൂട്ടിംഗ് അക്കാഡമിയുമായുള്ള അനുബന്ധ പ്രവൃത്തികളും ചെയ്തു വരുന്നു.

ഇവ കൂടാതെ ജി.വി. രാജ സ്പോർട്സ് സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക നിർമ്മിതികൾ (സിന്തറ്റിക് ട്രാക്ക്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, സിന്തറ്റിക് ഹോക്കി ടർഫ്) ഉൾപ്പെടുത്തി നവീകരിക്കുന്ന പ്രവൃത്തികളും ചെയ്തു വരുന്നു.

കായിക രംഗത്തെ വളർച്ചയ്ക്കായും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2016-2017 ബഡ്ജറ്റിലും, 2017-2018 ബഡ്ജറ്റിലുമായി 58 പദ്ധതികൾ എസ്. പി. വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് എസ് പി വി ആയ കിറ്റ്കോ 8 പ്രവൃത്തികൾ പൂർത്തീകരിച്ച് കായിക വകുപ്പിന് കൈമാറിയിട്ടുണ്ട്. 4 പ്രവൃത്തികൾ ഏറെക്കുറെ പൂർത്തീകരിച്ച ശേഷം ഫയർ എൻഒസി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചു വരികയാണ്. 18 പദ്ധതികളുടെ പ്രവൃത്തി പുരോഗമിക്കുകയും 5 പദ്ധതികൾ ടെൻഡറിംഗ് ഘട്ടത്തിലുമാണ്. കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന വികസന പ്രവൃത്തികളുടെ എസ്. പി. വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി കായിക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. റിവിഷൻ ആവശ്യമുള്ളവയടക്കം 20 പദ്ധതികളുടെ നടത്തിപ്പ് സ്പോർട്സ് കേരളാ ഫൗണ്ടേഷനിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സ്പോർട്സിനും വിനോദത്തിനും അനുയോജ്യമായ തുറസ്സായ സ്ഥലങ്ങൾ ലഭ്യമല്ലാത്തതാണ് സംസ്ഥാനത്തെ ഗ്രാമീണ കായിക രംഗത്തെ പശ്ചാത്തല വികസനത്തിന്റെ കാര്യത്തിൽ സർക്കാരിൻറെ മുന്നിലുള്ള പ്രധാന തടസ്സം. ഇത് പരിഗണിച്ച്, ഓരോ ഗ്രാമീണ ഗ്രാമത്തിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുന്നതിനുള്ള

ഒരു മഹത്തായ പരിപാടിക്ക് സർക്കാർ രൂപം നൽകുകയും 2021 - 22 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും പ്രസ്തുത പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്.

ടി പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ബഹു.എം.എൽ.എ. മാരിൽ നിന്നും ലഭ്യമായ പ്രൊപ്പോസലുകൾ പരിശോധിച്ച് സ്ക്രൂട്ടിനി കമ്മിറ്റി നിർദ്ദേശിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരം നടന്നുവരികയാണ്.

ഭരണാനുമതി നൽകിയ 9 ഫിറ്റ്നസ് സെൻററുകളുടെ പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. 10 ഫിറ്റ്നസ് സെൻററുകളുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമായി പുരോഗമിച്ചു വരികയുമാണ്. ഇവ കൂടാതെ ടൂറിസം വകുപ്പിന്റെ കീഴിൽ 7 ജില്ലകളിൽ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടൂറിസം വകുപ്പിൽ നിന്നും പ്രസ്തുത ജില്ലകളിലെ സ്ഥലം നിശ്ചയിക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിക്കുന്നതാണ്.

പശ്ചാത്തല വികസനത്തിനായി കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളായ ഖേലോ ഇന്ത്യാ പ്രോജക്ട് പ്രകാരം നിലവിൽ നടക്കുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെൻറ് മെഡിക്കൽ കോളേജിൽ 400 മീറ്റർ സിന്തറ്റിക് അത്ലറ്റിക് ട്രാക്കും, ഗ്യാലറി ബിൽഡിംഗിന്റെ നിർമ്മാണത്തിനുമായി ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി 23.10.2020 തീയതിയിലെ 29-70/എംവൈഎഎസ്/എംഡിഎസ്ഡി/2019 ഉത്തരവ് പ്രകാരം 7 കോടി രൂപ വകയിരുത്തിയിരുന്നു. കായികയുവജന കാര്യാലയം ഡയറക്ടറും, പരിയാരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലുമായും എം.ഒ.യുവിൽ ഏർപ്പെട്ട് പ്രസ്തുത പ്രവൃത്തികൾ കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ് നടന്നുവരുന്നത്. ഇതിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണ പ്രവൃത്തി 2022 ഡിസംബറോടുകൂടിയും ഗ്യാലറി ബിൽഡിംഗിന്റെ പ്രവൃത്തി 2022 സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

ഖേലോ ഇന്ത്യ പ്രോജക്ട്സ് പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായി ജി.വി.രാജാ സ്കൂളിൽ സ്പോർട്സ് ഉപകരണങ്ങൾ, ഫിസിയോതറോപ്പി ഉപകരണങ്ങൾ, സ്ട്രെങ്ത് & കണ്ടീഷണിംങ് ഉപകരണങ്ങൾ തുടങ്ങിയ വാങ്ങുന്നതിലേക്കായി 23.09.2020 തീയതിയിലെ 02/KI/SLKIC/Operational Guidelines/2020-21/03 ഉത്തരവ് പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും 1,27,32,830/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായി സപ്ലൈ ഓർഡർ കരാറുകാരന് സമർപ്പിച്ചിട്ടുണ്ട്. ഉപകരണങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇൻസ്റ്റോൾ ചെയ്യുന്നതാണ്. ഫിസിയോതറോപ്പി ഉപകരണങ്ങൾ വാങ്ങുന്നതിന് 34,98,700/- രൂപയ്ക്ക് സപ്ലൈ ഓർഡർ നൽകുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

അത്ലറ്റിക്സ്, ബോക്സിംങ്, ജൂഡോ എന്നീ കായിക ഇനങ്ങളുടെ ജനറൽ സ്പോർട്സ് കിറ്റ് വാങ്ങുന്നതിനായി 30 ലക്ഷം രൂപ 02/KI/SLKIC/Operational Guidelines/2020-21/03 ഉത്തരവ് പ്രകാരം കേന്ദ്രവിഹിതമായി അനുവദിച്ചിട്ടുണ്ട്. ടെൻഡർ നപടികൾ പൂർത്തീകരിച്ച് കരാറുകാരന് സപ്ലൈ ഓർഡർ നല്കിയിട്ടുണ്ട്. സ്പോർട്സ് കിറ്റ് ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

ഇത് കൂടാതെ സ്റ്റേറ്റ് ലെവൽ ഖേലോ ഇന്ത്യാ സെന്റേഴ്സായ ജി.വി. എച്ച് എസ്.എസ് തൃശ്ശൂരിലേക്ക് ഫുട്ബോൾ എക്യുപ്മെൻറ്സും, ജി.വി. എച്ച് എസ്.എസ്, തലാപ്പ്, കണ്ണൂരിലേക്ക് വോളീബോൾ എക്യൂപ്പ്മെന്റും വാങ്ങുന്നതിലേക്കായി 7 ലക്ഷം രൂപ വീതം എസ്എൽകെ ഐ സി/82/2021-2022 തീയതി 14.01.2022 നമ്പർ ഉത്തരവ് പ്രകാരം അനുവദിക്കുകയും 2022 ജൂലൈ മാസം പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

പശ്ചാത്തല വികസനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ സംസ്ഥാനതലത്തിൽ "ഖേലോ ഇന്ത്യ പദ്ധതിയുടെ പുതുതായി അടിസ്ഥാന കായിക വികസനം ലക്ഷ്യമാക്കി നടപ്പിൽ വരുത്തുന്ന State Level Khelo India Centers(SLKIC) പ്രകാരം കേരളത്തിലെ 12 ജില്ലകളിലായി വിവിധ കായിക ഇനങ്ങളുടെ 12 പരിശീലന കേന്ദ്രങ്ങളാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ ആരംഭിക്കുന്നത്. 4 വർഷത്തേയ്ക്കുള്ള പരിശീലന പദ്ധതിയാണിത്. ആയതിൽ ഓരോ പരിശീലന കേന്ദ്രത്തിലെയും Upgradation of Sports Field, Purchase of Sports, Equipments, Sports Kit, Competition/Event Participation, Remuneration of Coaches എന്നിവ കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ ഫണ്ടിൽ നിന്നും ലഭിക്കുന്നതാണ്.

Rajee R Pillai

സെക്ഷൻ ഓഫീസർ

## അനുബന്ധം-II

## കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കായികയുവജനകാര്യാലയം മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

### ഗോൾ

ഫുട്ബോൾ ലോക റാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗരഗ്രാമ പ്രദേശങ്ങളിലെയും, ഗിരിവർഗ്ഗ, കടൽത്തീരമേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കിക്കോഫ്. സംസ്ഥാനത്ത് 25 കുട്ടികൾക്ക് വീതമുള്ള 33 സെൻററുകളിലായി പരിശീലനം നടന്നു വരുന്ന ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കിക്കോഫ് പദ്ധതി സംയോജിപ്പിച്ച് ഗോൾ എന്ന പുനർനാമകരണം ചെയ്തിട്ടുണ്ട്. വൺ മില്ല്യൺ ഗോൾ ക്യാമ്പയനിലൂടെ പരമാവധി പ്രചരണം നൽകി അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധമായ തെരെഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ഗോൾ എന്ന പദ്ധതിയുടെ ഭാഗമാക്കി സുദീർഘമായ ഫുട്ബോൾ പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

### ഹൂപ്പ്

ലോക നിലവാരമുള്ള ബാസ്കറ്റ്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്പ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 10 സെൻററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

### സ്പ്രിന്റ്

ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ എത്തിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ് ആദ്യ ഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുക. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുത്തവർക്കാണ് ഈ പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്.

### ഹെൽത്തി കിഡ്സ്

കേരള സംസ്ഥാനത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായികയുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.റ്റിയുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ്, 25 സ്കൂളുകളിലായി കായികയുവജനകാര്യാലയം നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി 30 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിച്ച് പ്രാഥമികമായി 55 സ്കൂളുകളിൽ ഹെൽത്തി കിഡ്സ് എന്ന പേരിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കായികയുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനും ഏകോപനത്തിനുമായുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ

സ്വീകരിച്ച വരുന്നു. അടുത്ത ഘട്ടമായി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും കുറഞ്ഞത് ഒരു സ്കൂളിലെങ്കിലും പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**ജൂഡോക്ക**

സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായുള്ള പദ്ധതിയാണിത്. എട്ട് മുതൽ പതിനൊന്ന് വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ പത്ത് ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്

**പഞ്ച്**

കേരളത്തിലെ വിദ്യാർത്ഥികൾക്ക് ബോക്സിങ് കായിക വിനോദത്തെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മെഡൽ നേടാൻ പ്രാപ്തമാക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത അഞ്ച് കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ച വരുന്നു.

**കേരള ഷൂട്ടിംഗ് അക്കാഡമി**

ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3 ന് കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചു. ആദ്യ ബാച്ചിൽ 90 പേർക്ക് പരിശീലനം നടത്തിവരുന്നു.

**സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി**

അന്താരാഷട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബുകളുമായി സഹകരിച്ച് ജി.വി.രാജ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ ഫുട്ബോൾ അക്കാഡമികൾ ആരംഭിച്ചിട്ടുണ്ട്. ജൂനിയർ, സീനിയർ എന്നീ കാറ്റഗറികളിലായി (U-14, U17, U-20) മൂന്ന് ടീമുകളാണ് ഉള്ളത്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലുള്ള അക്കാഡമിയിൽ പെൺകുട്ടികൾക്ക് മാത്രമായാണ് പരിശീലനം നൽകുന്നത്. ഗോൾ പരിശീലന പദ്ധതിയിലെ മികച്ച കുട്ടികളെ അക്കാഡമിയിൽ ഉൾപ്പെടുത്തുന്നതാണ്.

Rajee R Pillai
സെക്ഷൻ ഓഫീസർ

## അനുബന്ധം-III

**ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ**

മികച്ച കായിക താരങ്ങളെ വാർത്തെടുക്കാനും കായികതാരങ്ങളെ ചെറുപ്രായത്തിൽ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിലേക്കുമായി സംസ്ഥാനത്തൊട്ടാകെയുള്ള കായിക താരങ്ങളെ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നീ സ്കീമുകൾ വഴി 8-ാം ക്ലാസ്സ് മുതൽ ബിരുദാനന്തരബിരുദം വരെയുള്ള യോഗ്യരായ കായികതാരങ്ങളെ മാനദണ്ഡങ്ങൾ പാലിച്ച് തെരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നു. പ്രസ്തുത സെന്ററുകളിലെ കായികതാരങ്ങൾക്ക് താമസവും പ്രത്യേക പോഷകാഹാരങ്ങൾ ഉൾപ്പെടുന്ന ഭക്ഷണവും നൽകി വരുന്നു. കൂടാതെ പ്രഗൽഭരായ പരിശീലകരുടെ കീഴിൽ വിദഗ്ധ പരിശീലനവും നൽകി വരുന്നു.

**എലൈറ്റ് സ്കീം**

പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനത്തിന് സൗകര്യം ഒരുക്കുന്ന പദ്ധതിയാണ് എലൈറ്റ് സ്കീം. കായിക താരങ്ങളെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക് എന്നി രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്നതിന് പ്രാപ്തമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ അത്‌ലറ്റിക്സ്, വോളീബോൾ, ഫുട്ബോൾ,ബാസ്കറ്റ്ബോൾ എന്നീ കായികയിനങ്ങളെയാണ് പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**ജി.വി.രാജാ അവാർഡ്**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ സ്ഥാപന പ്രസിഡന്റ് ലൈഫ്റ്റനന്റ് കേണൽ ഗോദവർമ്മ രാജയുടെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള പരമോന്നത കായിക ബഹുമതിയാണ് ജി.വി.രാജ അവാർഡ്. മൂന്ന് ലക്ഷം രൂപയും ഫലകവും പ്രശംസ പത്രവുമാണ് അവാർഡ് ജേതാക്കൾക്ക് സമ്മാനിക്കുന്നത്.

**ഡോ.എ.പി.ജെ അബ്ദുൾകലാം സ്കോളർഷിപ്പ്**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ/കോളേജ് സ്കൂൾ അക്കാദമി സ്കീമിലോ, സായി സ്കീമിലോ സമാന സ്വാഭാവത്തിലുള്ള മറ്റേതെങ്കിലും തരത്തിലുള്ള സ്പോൺസർഷിപ്പുകൾ, മറ്റ് ഇതര ധനസഹായമോ ലഭ്യമാകാത്ത കായിക താരങ്ങൾക്ക് പ്രതിമാസം 10,000/- രൂപ വീതം സ്കോളർഷിപ്പ് നൽകി വരുന്നു. അതാത് വർഷത്തെ പെർഫോർമൻസിന്റെ അടിസ്ഥാനത്തിലാണ് അർഹമായ കായിക താരങ്ങളെ കണ്ടെത്തുന്നതും, സ്കോളർഷിപ്പ് നൽകി വരുന്നതും. നിലവിൽ പ്രമുഖ അത്ലറ്റ് എം. ശ്രീശങ്കർ ഉൾപ്പെടെ 3 കായിക താരങ്ങൾക്ക് പ്രതിമാസം 10,000/- രൂപ നിരക്കിൽ ഡോ.എ.പി.ജെ അബ്ദുൾകലാം സ്കോളർഷിപ്പ് നൽകി വരുന്നു.

**ഡേ ബോർഡിങ് സ്കീം**

വിവിധ ജില്ലകളിലായി കേര സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കി വരുന്ന 61 ഡേ ബോർഡിങ് സെന്ററുകളിൽ പ്രവർത്തി ദിവസങ്ങളിൽ ഒരു ദിവസം ഒരു കുട്ടിക്ക് 25 രൂപ വീതം ലഘുഭക്ഷണം നൽകുന്നതിനായി തുക നൽകി വരുന്നുണ്ട്. ഇത് കൂടാതെ കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മൽസരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേക്കുമായി

സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങി അടിസ്ഥാന സൗകര്യ വികസനവും കേരള സ്റ്റേറ്റ് ഫോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്നു.

കൂടാതെ ദേശീയ അന്തർദ്ദേശീയ തലങ്ങളിലെ കായിക മൽസരങ്ങളിൽ പങ്കെടുത്ത് 1, 2, 3 സ്ഥാനങ്ങൾ നേടിയവർക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. 2017-2018, 2018-2019 സാംപത്തിക വർഷങ്ങളിൽ ദേശീയ ദേശീയ കായിക മൽസരങ്ങളിൽ പങ്കെടുത്ത് ഒന്നും, രണ്ടും, മൂന്നും സ്ഥാനം നേടിയ കായികതാരങ്ങൾക്കായി ഒന്നര കോടി രൂപയോളം ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു.

Rajee R Pillai
സെക്ഷൻ ഓഫീസർ